**പതിമൂന്നാം കേരള നിയമസഭ**

**പത്താം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.95

06.01.2014 ൽ മറുപടിയ്ക്ക്

**കസ്തൂരിരംഗൻ റിപ്പോർട്ട് പഠിക്കുന്നതിന് വിദഗ്ധ സമിതി**

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ.കെ.അജിത് | | ഉമ്മൻ ചാണ്ടി (മുഖ്യമന്ത്രി) |
| (എ) കസ്തൂരിരംഗൻ റിപ്പോർട്ടുകളുമായി ബന്ധപ്പെട്ട് ഏതെങ്കിലും രീതിയിലുള്ള പഠനത്തിന് വിദഗ്ധ സമിതിയെ നിയോഗിച്ചിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) പ്രസ്തുത സമിതിയിൽ നിക്ഷിപ്തമായിട്ടുള്ള ചുമതലകൾ എന്തൊക്കെയെന്ന് വ്യക്തമാക്കുമോ; | (ബി) | കേന്ദ്ര പരിസ്ഥിതി മന്ത്രാലയം പുറപ്പെടുവിക്കാനുള്ള കരടു വിജ്ഞാപനവും, തൽസംബന്ധമായ ശുപാർശകളും വിശദമായി പഠിച്ച്, റിപ്പോർട്ടിലെ ശുപാർശകൾ ബാധിക്കുന്ന സംസ്ഥാനത്തെ 123 വില്ലേജുകളിലെ ജനപ്രതിനിധികൾ ഈ വിഷയത്തിൽ രൂപീകരിക്കപ്പെട്ടിട്ടുള്ള ജനകീയ സമിതികൾ, പരിസ്ഥിതി സംഘടനകൾ, കർഷക സംഘടനകൾ എന്നിവരുടെ അഭിപ്രായം അറിഞ്ഞ്, അവ കൂടി പരിഗണിച്ച് കരടു വിജ്ഞാപനം സംബന്ധിച്ച് സംസ്ഥാന സർക്കാരിനു കേന്ദ്ര സർക്കാരിനെ അറിയിക്കാനുള്ള അഭിപ്രായങ്ങളും നിർദ്ദേശങ്ങളും രൂപീകരിക്കുന്നതിനാവശ്യമായ വിശദമായ ഒരു റിപ്പോർട്ടു സമർപ്പിക്കുന്നതിനാണ് സമിതിയെ ചുമതലപ്പെടുത്തിയത്. |
| (സി) ഈ സമിതിയുടെ ശുപാർശകൾക്ക് എത്ര മാത്രം നിയമ പ്രാബല്യം ഉണ്ടെന്ന് വ്യക്തമാക്കുമോ; | (സി) | മുകളിൽ പറഞ്ഞ പ്രകാരം കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയത്തെ അറിയിക്കുന്നതിനുള്ള അഭിപ്രായം രൂപീകരിക്കുന്നതിന് സഹായമായ റിപ്പോർട്ട് തയ്യാറാക്കുന്നതിനാണ് വിദഗ്ധ സമിതിയെ ചുമതലപ്പെടുത്തിയിട്ടുള്ളത്. ഇതിൽ നിയമപരമായ പ്രശ്നങ്ങളൊന്നും ഉൾക്കൊള്ളുന്നില്ല. |

| | | | |
|---|---|---|---|
| (ഡി) | പ്രസ്തുത സമിതിക്ക് അനുവദിച്ചിട്ടുള്ള കാലാവധി എത്രയാണ്; | (ഡി) | ഒരു മാസം. |
| (ഇ) | കർഷകരുടെ ആശങ്കകൾ പരിഹരിക്കുവാനായി രൂപീകരിച്ചിട്ടുള്ള സമിതിയിൽ പരിസ്ഥിതിരംഗത്തുള്ള ഏതെങ്കിലും വ്യക്തിയെ നിയമിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ? | (ഇ) | ശാസ്ത്ര-സാങ്കേതിക മാർഗ്ഗങ്ങൾ അവലംബിച്ചു തയ്യാറാക്കിയ കസ്തൂരിരംഗൻ റിപ്പോർട്ടിന്മേൽ ആധികാരികമായി അഭിപ്രായം രൂപീകരിക്കുന്നതിനും, ബന്ധപ്പെട്ടവരെ നേരിൽ കേട്ട് പരിസ്ഥിതിലോല പ്രദേശ നിർണ്ണയം നടത്തി, കേന്ദ്ര സർക്കാരിനു സമർപ്പിക്കാനുള്ള നിർദ്ദേശങ്ങൾ തയ്യാറാക്കാനുള്ള റിപ്പോർട്ടു നല്കുന്നതിനുമായിട്ടാണ് വിദഗ്ധ സമിതിയെ നിയോഗിച്ചിരിക്കുന്നത്. സംസ്ഥാന ജൈവവൈവിധ്യ ബോർഡ് ചെയർമാൻ, സംസ്ഥാന ശാസ്ത്ര-സാങ്കേതിക പരിസ്ഥിതി കൗൺസിൽ എക്സിക്യൂട്ടീവ് വൈസ് പ്രസിഡന്റ് എന്നിവർ ഈ മേഖലകളിൽ പ്രാവീണ്യം ഉള്ളവരാണ്. |

സെക്ഷൻ ഓഫീസർ